# നിസാരവ്യസനങ്ങൾ

## ആൻ ഇൻഡോ കനേഡിയൻ

**ഞാ**ൻ 'ഷാലേം' ടെലിവിഷൻ കാണുകയായിരുന്നു. മുകളിൽ ഫാൻ ചുറ്റിക്കറങ്ങഇ. അതിന്റെ ശബ്ദം 'ഷാലോം' വചനപ്രഘോഷണധാരയിൽ ലയിച്ചുപോയി.

എന്റെ ഏക സഹോദരിയെ ഞാനോർത്തു!

ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല എന്റെ സഹോദരി 'തൈറോയിഡ് ഗ്ലാൻസ്' ഇല്ലാതെ ജനിച്ചു. അന്നതിനെ ഡയഗ്നോസ് ചെയ്യുവാൻ ഉള്ള ക്രമീകരണങ്ങൾ ഇല്ലായിരുന്നു. അപ്പച്ചൻ അവളെ താലോലിച്ചു വളർത്തി. കാരണം, അവൾ നടക്കുവാനും സംസാരിക്കുവാനും തുടങ്ങിയത് രണ്ടാം വയസ്സിലായിരുന്നു.

അന്നത്തെ ഡോക്ടേഴ്സിന് എന്തെന്ന് കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അറിഞ്ഞിരുന്നു വെങ്കിൽ അവൾ ഇപ്പോഴും നോർമലായി ജീവിച്ചിരുന്നേനേ! പന്ത്രണ്ടാം വയസ്സിൽ കണ്ടുപിടിച്ചു, വളർച്ച മുരടിച്ച ഒരു മനസ്സ്, ചികിത്സിക്കുവാൻ ഗുളികൾ! മുൻപോട്ടു കൊണ്ടുപോകുവാൻ, മാനേജ് ചെയ്യുവാനേ കഴിയു! അത് കഥ തിരുത്തി എഴുതുകയില്ല!

അവളെ ഞാൻ എല്ലാ ദിവസവും വിളിക്കും. അവൾ കരയുമ്പോൾ ഞാൻ കരയും. ചിരി ക്കുമ്പോൾ ചിരിക്കും!

അവൾ ഒരു തവണ പറഞ്ഞു. "അനിയച്ചായൻ വിളിച്ചില്ലെങ്കിൽ എനിക്കു സങ്കടം വരും". ഞാൻ, "എന്റെ മോളേ ഞാൻ വിളിക്കാം, വിളിക്കും".

അവൾ, "എനിക്ക് ഹാർട്ടും. ത്രോട്ടും ബ്ലോക്കാണ്. ശബ്ദം കുറച്ച് സംസാരിക്കണമെന്ന് സിസ്റ്റേഴ്സ് എന്നോടു പറയും. എനിക്കതറിയാം അനിയച്ചായാ. അറിയാതെ ശബ്ദം കൂടിപ്പോകും!"

"മോളേ, നിനക്കറിയാമോ മറ്റുള്ളവർ നിന്നെ വിധിക്കുന്നത് നിന്റെ ശബ്ദം കേട്ടുകൊണ്ടാ ണ്ടാണ്. അവിടെ പല പ്രായ, രോഗ നിവാസികളുണ്ട്. അവർക്കു ശല്യം ചെയ്യുകയാണെങ്കിൽ സിസ്റ്റേഴ് നിന്നെ എങ്ങനെ സ്നേഹിക്കും?"

"അതല്ല അനിയച്ചായാ ഈ സിസ്റ്റേഴ്സ് എല്ലാവരേയും ഒരുപോലെ നോക്കത്തില്ല. ചിലക്ക് സ്പെഷ്യൽ ട്രീറ്റ്മെന്റ് ഉണ്ട്. അവർ പണം നോക്കി ശുശ്രൂഷിക്കും."

"അതാണ് നിന്റെ തോന്നൽ! ശരിയോ, തെറ്റോ?"

പിന്നെ അവൾ അവളുടെ ക്ലേശങ്ങൾ വിവരിച്ചു.

"അനിയച്ചായാ, എനിക്കു പച്ചക്കറി കൂട്ടുവാൻ പ്രയാസമുണ്ട്. അത് തൊണ്ടയിൽ തടയും. ശ്വാസംവിടാൻ വരെ ബുദ്ധിമുട്ടും!"

"നീ അത് അൽപം വെള്ളം കുടിച്ചുകഴിഞ്ഞാൽ ഇറങ്ങും. പച്ചക്കറി അത്യാവശ്യം ഭക്ഷണ മാണ് മോളേ."

“അതെങ്ങനാ അനിയച്ചായാ!”

അവൾ പിന്നെ എന്നോടു പറഞ്ഞു “എനിക്കുവേണ്ടി പ്രാർത്ഥിക്കണം!”

“അതു ഞാൻ ചെയ്യാം മോളേ. മോളൊരു പാട്ടുപാടിക്കോ.”

അവൾ പഠിച്ച ഭക്തി കൈതട്ടി താളം പിടിച്ചു.

അത് അവൾക്ക് ഒരു സ്നേഹശബ്ദം പോലെയാണ്.

പിന്നെ അവൾ അന്വേഷിച്ചു, “ജോയിച്ചായൻ എവിടെ, ആന്റിച്ചൻ എവിടെ. റോയിമോൻ എവിടെ?”

“അവരെല്ലാം സുഖമായി ജീവിക്കുന്നു. വിളിച്ചില്ലെഹ്കിലും അവർക്ക് നിന്നെ സ്നേഹമാണ്.”

“സ്നേഹമുണ്ടെങ്കിൽ വിളിച്ചുകൂടേ!”

അവൾ വിഷയം മാറ്റി. “ഇന്നു ഫീസ്റ്റാണ്. രാവിലെ അപ്പവും കോഴിക്കറിയുമായിരുന്നു. ഞാൻ നല്ലവണ്ണം കഴിച്ചു. അനിയച്ചായാ!”

ഒരു നിസ്സാരജീവിതത്തിന്റെ സാരമായ ഭാഷണങ്ങൾ!